"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2025 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷൻ - എൻ എസ് എ പി - 578 വിധവ പെൻഷൻ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതത്തിൽ കുറവ് വന്ന തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ(എസ് എഫ് സി - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5430/2025/FIN തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-
1. സ.ഉ (എം.എസ്) നം. 16/2021/ധന തീയതി 03/02/2021
2. സ.ഉ (സാധാ) നം.5309/2025/ധന തീയതി 20/06/2025
3. പഞ്ചായത്ത് ഡയറക്ടറുടെ 23/06/2025 തീയതിയിലെ LSGD/PD/11114/2025-SSP2 നമ്പർ കത്ത്

**ഉത്തരവ്**

2025 ജൂൺ മാസം 4956237 ഗുണഭോക്താക്കൾക്ക് ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി ₹729,04,14,700/- (എഴുന്നൂറ്റി ഇരുപത്തി ഒൻപത് കോടി നാല് ലക്ഷത്തി പതിനാലായിരത്തി എഴുന്നൂറ് രൂപ മാത്രം) പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. സാങ്കേതിക തകരാർ കാരണം തിരുവനന്തപുരം, കൊല്ലം കോർപറേഷൻ പരിധിയിലെ ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ ലഭിക്കുന്ന 578 NSAP ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതത്തിൽ ₹300/- കുറവ് വന്നു എന്നും ടി തുക വിതരണം ചെയ്യുന്നതിനായി ₹1,73,400/- (ഒരു ലക്ഷത്തി എഴുപത്തി മൂവായിരത്തി നാനൂറു രൂപാ മാത്രം). ആവശ്യമാണെന്നും എൽ എസ് ജി ഡി ഡയറക്ടർ(റൂറൽ) പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, കൊല്ലം കോർപറേഷൻ പരിധിയിലെ ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ ലഭിക്കുന്ന 578 NSAP ഗുണഭോക്താക്കൾക്ക് ബിൽ ജനറേഷൻ സമയത്തെ സാങ്കേതിക തകരാർ കാരണം സംസ്ഥാന വിഹിതത്തിൽ കുറവ് വന്ന ₹300/- ബാങ്ക് വഴി വിതരണം ചെയ്യുന്നതിനായി ₹1,73,400/- (ഒരു ലക്ഷത്തി എഴുപത്തി മൂവായിരത്തി നാനൂറു രൂപാ മാത്രം) എൽ എസ് ജി

ഡി ഡയറക്ടർ(റൂറൽ)-ന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്ന് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിൻറ് സെക്രട്ടറി

സ്വീകർത്താക്കൾ:
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (എഫ്.എം ) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
(ഫയൽ നം.3113850/എസ് എഫ് സി ബി1/107/2025/ധന)

ഉത്തരവിൻ പ്രകാരം

**Signed by Mini B S**
**Date: 26-06-2025 16:48:41**
സെക്ഷൻ ഓഫീസർ